# നാളം 2k24

## സെന്റ് ജോസഫ്സ് എച്ച് എസ്

## മുത്തോലി

# സെന്റ് ജോസഫ്സ് എച്ച് എസ് മുത്തോലി



## ലിറ്റിൽകൈറ്റ്സ്

## അംഗങ്ങൾ....



# സൗഹൃദം


ജീവിത വീഥിയുടെ മധ്യത്തിൽ
കൂടിച്ചേരുന്ന ബന്ധങ്ങൾ
ജീവിത വീചിയിൽ
വഴിത്തിരിവിന്റെ സാക്ഷി ..
എന്നാൽ, ചിലത് വിങ്ങലാകുന്നു
തമ്മിൽ നിന്ന് അകന്ന് പോകുന്നു
കരികാലത്തിൻ ക്രൂരതപോലെ
ഏറ്റുവാങ്ങേണ്ട നാം
ദൈവ സമ്മാനമായി
നമ്മിലേക്ക് കടക്കുന്ന
വ്യത്യസ്ത ബന്ധങ്ങൾ
മനസ്സിൽ ഏറെ
ഓർമ്മയുടെ ദിവസങ്ങൾ സമ്മാനിക്കുന്നു
കളി ചിരിയും തൻ
തിളക്കമാകുന്നു
വിട്ടുപോകിലും
ഒരു നാൾ കൂടിച്ചേരും
എന്നും കൂടെ കൂട്ടായി മാത്രം
കാലങ്ങൾ നമുക്കായി വിട്ടു
നൽകുന്ന നിമിഷങ്ങൾ
ഓരോ സൗഹൃദങ്ങളും
ഉന്നതങ്ങളിലേക്ക് ......

വിഷ്ണുപ്രിയ സി വി ൯B

# മഴ

സന്തോഷത്തിൻ വീഥിയുണർന്നു
ആകാശത്തിൻ   ഗതി മാറുന്നു.
ക്രൂരിരുൾ കാറ്റ് വീശുന്നു
മിന്നൽ വേഗത്താൽ
ആകാശം ഒരുങ്ങവേ
മനസ്സിൽ കുളിർമയേകി
വിണ്ണിലെങ്ങും നീർത്തുള്ളികൾ വീണുതുടങ്ങി.
വെള്ളി നൂലുകൾ വീഴുന്നപോലെ
ആകാശത്തിൽ നിന്നും ഭൂവിൽ
എങ്ങും മഴത്തുള്ളികൾ
വന്നുചേരുന്ന.
പാരിലെങ്ങും ആശ്വാസമേകി
ആ വരവ്.
ജീവജാലങ്ങൾ ആർത്തുല്ലസിച്ച  സമയം
പുതുമണ്ണിന്റെ ഗന്ധം ഉണർന്നുപൊങ്ങി.
വിണ്ണിലെങ്ങും സന്തോഷമായി
ആ വരവ് തോർന്നിറങ്ങി തുടങ്ങി .
പാരെങ്ങും ശാന്തമായി
അടുത്ത വരവിനായി കാത്തിരിപ്പ് തുടങ്ങി...

അഞ്ചു രാജു   9 B



കാർത്തിക

# അമ്മ

സത്യമായ സ്നേഹത്തിന്റെ പ്രതികമാണ്ണ് അമ്മ .
രണ്ടക്ഷരത്തിൽ തീരാത്ത സ്നേഹമാണ് അമ്മ .
ഇരുട്ടിന്റെ വെളിച്ചമാണ് അമ്മ .
സ്നേഹത്തിന്റെ ആഴക്കടലാണ് അമ്മ .
കണ്ണീര് ഒപ്പും അമ്മ .
ജീവിതത്തിന്റെ തണ്ണലും വെളിച്ചമാണ് അമ്മ .
കാണപ്പെട്ട ദൈവമാണ് അമ്മ .
ജീവിതത്തിന്റെ ആരംഭമാണ് അമ്മ .
അമ്മ ഇല്ലാത്ത ജീവിതം വേര് ഉണങ്ങിയ
ചെടിപ്പോലെയാണ് .
ജീവിതത്തിന്റെ പിടിവള്ളിയാണ് അമ്മ .
ആദ്യ പടിയാണ് അമ്മ .

പ്രകൃതിയാണ് അമ്മ

നയന സി. എസ്
സൂര്യ സഹദേവൻ

# വീട്

ഞാൻ പിറന്ന വീട്
എന്റെ സ്വന്തം വീട്
അമ്മയുണ്ട് അച്ഛനുണ്ട് ചേച്ചിയുള്ള വീട്
അമ്മയ്ക്ക് പ്രിയം എന്നോട്
അച്ഛന് പ്രിയം ചേച്ചിയോട്
സുന്ദരമാം ഈ വീട് എനിക്ക് എത്ര പ്രിയം

അഞ്ജലി
ആൻമരിയ

# സൗഹൃദം

ഒരിടത്ത് ഒരു കുടുംബത്തിൽ ഒരു വളർത്തു നായ ഉണ്ടായിരുന്നു. അവർ അതിനെ വളരെയധികം സ്നേഹിച്ചിരുന്നു.അങ്ങനെയിരിക്കെ ഒരിക്കൽ മുറ്റത്ത് ഒരു പുതിയ അതിഥി കടന്നു വന്നു.ഒരു ഉണ്ടുമണിയായ പൂച്ച.അവർ അതിനെ സ്നേഹപൂർവ്വം സ്വീകരിച്ചു.എന്നാൽ അവരുടെ നായയ്ക്ക് അത് പിടിച്ചില്ല.അവർ ശത്രുക്കളെപ്പോലെ പെരുമാറാൻ തുടങ്ങി.അവരുടെ വഴക്ക് വീട്ടുകാരുടെ സമാധാനം കെടുത്തി.

ഒരിക്കൽ ആ പൂച്ചയെ ഒരു കുറുക്കൻ ആക്രമിച്ചു, ഇത് കണ്ട് നായ കുറച്ചു നേരം ആലോചനയിലാണ്ടു.അങ്ങനെ അവൻ അവസാനം അവനെ സഹായിക്കാൻ തീരുമാനിച്ചു.അങ്ങനെ കുറുക്കന്റെ ആക്രമണത്തിൽ നിന്നും പൂച്ചയെ രക്ഷപ്പെടുത്തി.അങ്ങനെ അവർ കൂട്ടുകാരായി.അങ്ങനെ അവർ സന്തോഷത്തോടെ ജീവിക്കാൻ തുടങ്ങി.ഇത് കണ്ടതോടെ വീട്ടുകാർക്ക് സന്തോഷവും സമാധാനവും തിരിച്ചു കിട്ടി.അങ്ങനെ അവർ സന്തോഷത്തോടെ നാളുകൾ നീക്കി.

സാത്തി

സൂര്യ

# വികൃതിയായ മുയൽ

ഒരിടത്ത് ഒരു വികൃതിയായ ഒരു മുയൽ ഉണ്ടായിരുന്നു. അവൻ അമ്മ പറയുന്നത് ഒന്നു അനുസരിക്കാറില്ലായിരുന്നു. ഒരിക്കൽ മുയൽ അമ്മ തന്റെ കുട്ടികളോട് പറഞ്ഞു ;
 "അമ്മ പുറത്ത് പോവുകയാണ് നിങ്ങൾ പുറത്ത് പോവരുത്. അത് ആപത്താണ് ". ഇത് പറഞ്ഞ് അമ്മ പോയി. എന്നാൽ വികൃതിയായ ഇളയ മുയൽ തന്റെ അമ്മ പറഞ്ഞത് അനുസരിക്കാതെ പുറത്ത് പോയി. അവൻ നടന്ന് നടന്ന് ഒരു കർഷകന്റെ തോട്ടത്തിൽ എത്തി. അവിടെ ഉണ്ടായിരുന്ന പച്ചകറി മുഴുവൻ തിന്നാൻ തുടങ്ങി. അപ്പോൾ അവിടെ വന്ന കർഷകൻ അവനെ കണ്ടു. അയാളെ കണ്ട് പേടിച്ച് അവൻ ഓടി.അവസാനം അവൻ ഓടി ഓടി ഒരു കുറ്റിക്കാട്ടിൽ എത്തി. അവന്റെ അമ്മ തന്ന ഉടുപ്പ് മുള്ളിൽ കൊണ്ട് കീറി പോയി. അപ്പോൾ തന്റെ അമ്മ പറഞ്ഞത് അനുസരിച്ചാൽ മതിയായിരുന്നു എന്ന് അവന് തോന്നി. അവൻ അവിടെ നിന്ന് കരയാൻ തുടങ്ങി. അവന്റെ കരച്ചിൽ കേട്ട് അവന്റെ അമ്മ വന്നു അവനെ ആ കുറ്റിക്കാട്ടിൽ നിന്ന് എടുത്തു.

അമ്മ അവനെ എടുത്ത് വീട്ടിലേക്ക് നടന്നു. അവന്റെ മുറിവിൽ മരുന്ന് വച്ചു കെട്ടി. അവന് പ്രിയപ്പെട്ട സൂപ്പ് ഉണ്ടാക്കി കൊടുത്തു. ഇനി ഒരിക്കലും അമ്മ പറയുന്നത് അനുസരിക്കാതിരിക്കുകയില്ല എന്ന് അവൻ ഈ സംഭവം കൊണ്ട് തീരുമാനിച്ചു.

ഗുണപാഠം: അനുസരണക്കേട് വലിയ ആപത്ത് വിളിച്ചു വരുത്തും.

ആഗ്നസ് മരിയ എബ്രാഹം

നേഹ എലിസബത്ത് ജിജോ

# കൊച്ചുകൂട്ടുകാർക്ക്

# അഭിനന്ദനങ്ങൾ.......

ആശംസകളോടെ

ലിറ്റിൽകൈറ്റ്സ് 2021-24,2022-25
ബാച്ചുകൾ